**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി മാഫിയയ്ക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വെഞ്ഞാറമൂട് പൊലീസ് സ്റ്റേഷൻ പരിധിയിലെ മാണിക്കലിൽ ലഹരി മാഫിയയ്ക്ക് എതിരെ അധികൃതർക്ക് വിവരം നൽകിയ പെൺകുട്ടിയെയും മാതാവിനെയും സാമൂഹ്യ വിരുദ്ധർ വീട് കയറി മർദിച്ച സംഭവത്തിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) | വെഞ്ഞാറമൂട് മാണിക്കൽ പാറയിൽ കോളനിയിൽ താമസിക്കുന്ന പരാതിക്കാരി തന്റെ അയൽവാസിയായ സ്ത്രീയുടെ ഭർത്താവായ ദീപുവിനെതിരെ പോലീസിൽ പരാതി നൽകിയതിലുള്ള വിരോധം നിമിത്തം അയൽവാസികളായ മുരുകനും മറ്റൊരു സ്ത്രീയും 07.01.2023-ൽ വീടിന്റെ കോമ്പൗണ്ടിൽ അതിക്രമിച്ച കയറി അസഭ്യം പറഞ്ഞ് മർദ്ദിക്കുകയും തടയാൻ ശ്രമിച്ച മകളെ സ്ത്രീ മർദ്ദിച്ചതായും ധരിച്ചിരുന്ന 30,000/- രൂപ വിലവരുന്ന ആഭരണങ്ങൾ ഇതുവഴി നഷ്ടപ്പെട്ടുവെന്നും 08.01.2023-ൽ പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകി. മൊഴിയുടെ അടിസ്ഥാനത്തിൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 42/2023 u/s 447, 294(b), 323, 324, 427 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിൽ IPC സെക്ഷൻ 354 കൂട്ടിച്ചേർത്ത് ബഹു. കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. രണ്ടു പ്രതികളെയും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണ ഘട്ടത്തിലാണ്. |
| (ബി) | ലഹരി മാഫിയയെ സംബന്ധിച്ച് വിവരം നൽകുന്ന ആളിന്റെ പേരുവിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് അധികൃതർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പോലീസിൽ പരാതി ഉന്നയിച്ച വിദ്യാർത്ഥിനിയുടെ വിവരങ്ങൾ ലഹരി മാഫിയക്ക് ചോർത്തി നൽകിയതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ലഹരി മാഫിയയുമായി ബന്ധം സ്ഥാപിക്കുന്ന തരത്തിലുള്ള വിവരങ്ങളൊന്നും പോലീസ് അന്വേഷണത്തിൽ ലഭിച്ചിട്ടില്ല. പരാതിയുടെയോ പരാതിക്കാരിയുടെയോ വിവരങ്ങൾ പോലീസ് ആർക്കും കൈമാറിയിട്ടില്ല. |
| (സി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ക്രൈം നമ്പർ 42/2023 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ